**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ്- ജീവനക്കാര്യം - ഓഫ്താൽമോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റ് ആയ ഡോ. നീതു.എസ്.പിയ്ക്ക് നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. Order No. EA1-5160/2023/DHS dated 15.06.2023
2. Interim Orders in OA-1825/2023 dated 21.12.2023, 18.01.2024, 23.05.2024

**ഉത്തരവ് നമ്പർ ഇഎ1- 20254/2023/ആ.വ.ഡ, തീയതി : 29-05-2024**

പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഓഫ്താൽമോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റ് ആയ ഡോ. ബിന്ദു.വി.എസ് -നെ തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ച ഉത്തരവിനെതിരെ ഡോ. ബിന്ദു.വി.എസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA- 1825/2023 ൽ stay അനുവദിച്ചതിനാൽ വർക്കല താലൂക്ക് ആശുപത്രിയിൽ നിന്നും പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റിയ ഡോ. നീതു.എസ്.പി യ്ക്ക് വർക്കല താലൂക്ക് ആശുപത്രിയിൽ നിന്നും വിടുതൽ ആയെങ്കിലും പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കാൻ കഴിഞ്ഞിട്ടില്ല. മേൽ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിൽ റിപ്പോർട്ട് ചെയ്ത ഡോ. നീതു.എസ്.പി യെ തിരുവനന്തപുരം ജനറൽ ആശുപത്രിയിലേയ്ക്ക് താൽക്കാലികമായി നിയോഗിച്ചു ജില്ലാ മെഡിക്കൽ ഓഫീസർ ഉത്തരവ് നൽകിയിരുന്നു. എന്നാൽ ഡോ. നീതു.എസ്.പിയ്ക്ക് 2024 ജനുവരി മുതലുള്ള ശമ്പളം നൽകാൻ കഴിഞ്ഞിട്ടില്ല. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (2) പ്രകാരമുള്ള ഇടക്കാല ഉത്തരവിൽ 3rd respondent ആയ ഡോ. നീതു.എസ്.പിയ്ക്ക് ശമ്പളം നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഡോ. നീതു.എസ്.പി-യെ OA- 1825/2023 ന്മേലുള്ള

അന്തിമ ഉത്തരവിനു വിധേയമായി പുനഃ പരിശോധിക്കുമെന്ന വ്യവസ്ഥയിൽ തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ചു ഉത്തരവാകുന്നു. ആയതിനു ശേഷം ടിയാരിയെ OA- 1825/2023 മേലുള്ള അന്തിമ ഉത്തരവ് വരുന്നത് വരെയുള്ള കാലയളവിലേയ്ക്ക് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ സർക്കാർ സാധൂകരണത്തിനു വിധേയമായി ജോലി ക്രമീകരണ വ്യവസ്ഥയിൽ തുടരുവാൻ അനുവദിച്ചും ഉത്തരവാകുന്നു.

Signed by
Reena K J
Date: 29-05-2024 22:07:08

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ. നീതു.എസ്.പി, ജൂനിയർ കൺസൾട്ടന്റ്, ഓഫ്താൽമോളജി

പകർപ്പ് :
1. അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, തിരുവനന്തപുരം
2. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
4. ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം/ പത്തനംതിട്ട
5. സൂപ്രണ്ട്, ജനറൽ ആശുപത്രി, തിരുവനന്തപുരം/ താലൂക്ക് ആസ്ഥാന ആശുപത്രി, പാറശ്ശാല /താലൂക്ക് ആസ്ഥാന ആശുപത്രി, തിരുവല്ല
6. ഫയൽ/കരുതൽ ഫയൽ